

# ഈശോയുടെ തിരുമുഖത്തോടുള്ള നൊവേന

രക്താഭിഷിക്തമായ ഈശോയുടെ തിരുമുഖം ലോകത്തിന്റെ പാപത്തിനുവേണ്ടി വേദനകളനുഭവിക്കുന്ന ദൈവത്തിന്റെ സ്നേഹത്തെയാണ് പ്രകടമാക്കുന്നത്. “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ” എന്ന ഈശോയുടെ വചനം അന്വർത്ഥമാക്കിക്കൊണ്ടു ജീവിക്കുവാൻ അവിടുത്തെ തിരുമുഖധ്യാനം നമ്മെ പ്രചോദിപ്പിക്കുന്നു. ദൈവസ്നേഹത്തിന്റെ അവർണ്ണനീയമായ അനുഭവങ്ങൾ പകർന്നുതരുന്ന ഈശോയുടെ തിരുമുഖത്തോടുള്ള പ്രാർത്ഥന സഹനങ്ങളിൽ മിശിഹായോടു താദാത്മ്യപ്പെടാനുള്ള പ്രേരണയും ശക്തിയുമാണ്.

**തിരുനാൾ ദിനം : വലിയ നോമ്പിലെ ആദ്യ ചൊവ്വ**

# പ്രാരംഭഗാനം

**(നിത്യസഹായമാതേ...എന്ന രീതി)**

ദൈവമേ നീ ക്ഷമിക്കാ
നിൻ ജനത്തോടു നാഥാ
കോപമായ് നോക്കീടല്ലേ
എന്നെന്നും ഞങ്ങളെ നീ (3)

കാർമ്മി : ഓ! എന്റെ ദൈവമേ അങ്ങ് ഏറ്റം നല്ലവനും എല്ലാ സ്നേഹത്തിനും യോഗ്യനും ആയതിനാൽ എല്ലാ വസ്തുക്കളെയുംകാൾ ഉപരിയായി പൂർണ്ണഹൃദയത്തോടും ആത്മാവോടുംകൂടി ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു. അങ്ങയോടുള്ള സ്നേഹത്തെപ്രതി മറ്റെല്ലാവരേയും, സ്വയമെന്ന പോലെതന്നെ, ഞങ്ങൾ സ്നേഹിക്കുന്നു. ഞങ്ങളെ ദ്രോഹിച്ചിട്ടുള്ള എല്ലാവരോടും ഞങ്ങൾ ക്ഷമിക്കുന്നു. ഞങ്ങൾ ദ്രോഹിച്ചിട്ടുള്ള എല്ലാവരോടും ഞങ്ങൾ മാപ്പുചോദിക്കുകയും ചെയ്യുന്നു. നിത്യം ജീവിക്കുന്ന അങ്ങയുടെ മക്കളായ ഞങ്ങളുടെമേൽ കരുണയായിരിക്കണമെ. സകലത്തിന്റെയും നാഥാ,

സമൂ. : ആമ്മേൻ

കാർമ്മി : ഓ! ഈശോയുടെ തിരുമുഖമേ, ഞങ്ങളുടെ പ്രാർത്ഥന അങ്ങേ തിരുസന്നിധിയിൽ എത്തുന്നതുവരെ ഞങ്ങളങ്ങയെ വിളിച്ചപേക്ഷിക്കുന്നു.

സമൂ : പരിശുദ്ധനായ ദൈവമേ, സർവ്വശക്തനായ ദൈവമേ, മരണമില്ലാത്ത ദൈവമേ, ഞങ്ങളിലും ലോകം മുഴുവനിലും കരുണ തോന്നണമേ.

കാർമ്മി : ഓ! ഈശോയെ, (സമൂഹവും കൂടി) അങ്ങയുടെ കയ്പേറിയ പീഡാസഹനം / അങ്ങയെ മനുഷ്യരുടെ മുമ്പിൽ / അതി

ദയനീയമായ / ഒരു കാഴ്ചവസ്തുവാക്കുകയും / ദുഃഖത്തിന്റെ മനുഷ്യനാക്കിത്തീർക്കുകയും ചെയ്തല്ലോ./ ഒരിക്കൽ സ്വർഗ്ഗീയപ്രഭയാലും / മാധുര്യത്താലും പ്രശോഭിച്ചിരുന്ന / അങ്ങയുടെ തിരുമുഖത്തെ / ഭക്ത്യാദരപൂർവ്വം ഞങ്ങൾ വന്ദിക്കുന്നു. / അങ്ങയുടെ തൃക്കണ്ണുകളിൽ നിറഞ്ഞിരിക്കുന്ന / കണ്ണുനീർത്തുള്ളികൾ / വിലയേറിയ മുത്തുകളായി / ഞങ്ങൾ കാണുന്നു. / സ്നേഹാതിരേകത്തോടെ / അതിനെ ശേഖരിച്ച് / പാപികളുടെ വിലയായി കൊടുത്ത് / വീണ്ടും രക്ഷിക്കുവാൻ / ഇടയാകുമാറാകട്ടെ. / ഓ! ഈശോയെ / ഞങ്ങളെ അങ്ങയിലേക്കാകർഷിക്കുന്ന / അങ്ങയുടെ തിരുമുഖം വഴിയായി / ആ സ്വർഗ്ഗീയഛായ / ഞങ്ങളുടെ ഹൃദയങ്ങളിൽ പതിക്കുകയും / അങ്ങയുടെ മഹിമയേറിയ തിരുമുഖത്തെ / ധ്യാനിക്കുന്നതിന് / ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യേണമേ. / ആമ്മേൻ

## സങ്കീർത്തനം (153)

കാർമ്മി : എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക

സമൂ : എന്റെ അന്തഃരംഗമേ അവിടുത്തെ വിശുദ്ധ നാമത്തെ പുകഴ്ത്തുക

കാർമ്മി : അവിടുന്ന് നിന്റെ അകൃത്യങ്ങൾ ക്ഷമിക്കുന്നു

സമൂ : നിന്റെ രോഗങ്ങൾ സുഖപ്പെടുത്തുന്നു

കാർമ്മി : അവിടുന്ന് നിന്റെ ജീവനെ പാതാളത്തിൽ നിന്ന് രക്ഷിക്കുന്നു.

സമൂ : അവിടുന്ന് സ്നേഹവും കരുണയും കൊണ്ട് നിന്നെ കിരീടമണിയിക്കുന്നു.

കാർമ്മി : കർത്താവ് ആർദ്രഹൃദയനും കാരുണ്യവാനുമാകുന്നു.

സമൂ : അവിടുന്ന് എപ്പോഴും ശാസിക്കുന്നുമില്ല.

കാർമ്മി : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ : ആദിമുതൽ എന്നേക്കും, ആമ്മേൻ.

## കാറോസൂസ

കാർമ്മി : നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടി ഈശോയുടെ തിരുമുഖമേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ എന്നു പ്രാർത്ഥിക്കാം.

സമൂ : ഈശോയുടെ തിരുമുഖമേ, ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ.

കാർമ്മി : വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കുമെന്ന് അരുളിച്ചെയ്ത ഈശോയെ, അക്രമവും അനീതിയും യുദ്ധങ്ങളും അവസാനിപ്പിച്ച് ശാന്തിയിലും സമാധാനത്തിലും ജീവിക്കുവാൻ ലോകരാഷ്ട്രങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ : ഈശോയുടെ തിരുമുഖമേ, ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ.

കാർമ്മി : ദൈവജനത്തെ സ്വർഗ്ഗരാജ്യത്തിലേക്ക് നയിക്കാനുള്ള പരിശ്രമങ്ങളിൽ സാർവ്വത്രികസഭയുടെ തലവനായ പരിശുദ്ധ പിതാവ് മാർ................ പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ ....................... മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ മാർ ......................... മെത്രാപ്പോലീത്താ

യെയും എല്ലാ വൈദികമേലദ്ധ്യക്ഷന്മാരെയും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ : ഈശോയുടെ തിരുമുഖമേ, ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ.

കാർമ്മി.: ഞങ്ങളുടെ രൂപതയെയും ഞങ്ങളുടെ പിതാവും മേലദ്ധ്യക്ഷനുമായ മാർ ...................... മെത്രാനെയും എല്ലാ വൈദികരെയും സന്യസ്തരെയും അനുഗ്രഹിക്കണമെന്നും തീക്ഷ്ണതയുള്ള അത്മായപ്രേഷിതരെ ഞങ്ങൾക്ക് നൽകണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ : ഈശോയുടെ തിരുമുഖമേ, ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ.

കാർമ്മി.: ഞങ്ങളുടെ ഇടവകാംഗങ്ങളെല്ലാവരും യോജിപ്പിലും ഒരുമയിലും അങ്ങയുടെ ശരീരത്തിലെ വിവിധ അവയവങ്ങളെപ്പോലെ ജീവിക്കുന്നതിന് ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ : ഈശോയുടെ തിരുമുഖമേ, ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ.

കാർമ്മി.: ഞങ്ങളുടെ കുടുംബങ്ങളിൽ സമാധാനവും ശാന്തിയും പുലർത്തണമെന്നും ഞങ്ങളുടെ കുഞ്ഞുങ്ങളും യുവജനങ്ങളും അങ്ങയെപ്പോലെ വിശുദ്ധിയിലും വിജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവരുവാൻ ഇടയാക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ : ഈശോയുടെ തിരുമുഖമേ, ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ.

*(സന്ദർഭോചിതമായി മറ്റ് നിയോഗങ്ങളും കൂട്ടിച്ചേർക്കാവുന്നതാണ്)*

കാർമ്മി.: നിശ്ശബ്ദമായി നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകൾ സ്നേഹമായ ഈശോയുടെ തിരുസന്നിധിയിൽ സമർപ്പിക്കാം.

*(നിശ്ശബ്ദം)*

കാർമ്മി.: ഏറ്റവും ആഴമേറിയ വേദന നിശ്ശബ്ദനായി സഹിച്ച ഈശോയുടെ തിരുമുഖമേ, ഞങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളും വേദനകളും സന്തോഷപൂർവ്വം സഹിക്കുവാൻ വേണ്ട വരം തരണമേ, നിന്ദിതനും അപമാനിതനുമായ ഈശോയുടെ തിരുമുഖമേ, ഞങ്ങളുടെ ജീവിതത്തെ അലട്ടുന്ന ആത്മീയവും ലൗകികവുമായ എല്ലാ പ്രശ്നങ്ങളിൽനിന്നും വിമുക്തരാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. സകലത്തിന്റെയും നാഥാ,

സമൂ. : ആമ്മേൻ

## ഗാനം

*(ഈ സമയത്ത് കാർമ്മികൻ ജനങ്ങളുടെ മേൽ വിശുദ്ധ ജലം തളിക്കുന്നു)*

സ്നേഹതൂവാല കൊണ്ടു തുടയ്ക്കാം
എന്റെ ഈശോയെ നിൻ പൂമുഖം
സ്നേഹപൂമാല ഞാൻ കൊരുക്കാം
ഈശോയെ നിൻ മാറിൽ ചാർത്താൻ

വാ... വാ... സ്നേഹരാജാവേ
എന്നെന്നും എന്നുള്ളിൽ വാഴാൻ
വാ... വാ... സ്നേഹത്തിൻ പൂനിലാവേ
എന്നുള്ളിൽ വെൺശോഭയേകാൻ

കാർമ്മി.: ഞങ്ങളുടെ രക്ഷകനും *(സമൂഹവും കൂടി)/* ഞങ്ങളോടുള്ള അഗാധമായ കരുണയാലും സ്നേഹത്താലും / അനന്തമായ യോഗ്യതകൾ നേടിയവനുമായ / ഈശോയുടെ തിരുമുഖമേ/ ഞങ്ങളങ്ങയെ ആരാധിക്കുന്നു. / പാപങ്ങൾക്ക് മോചനവും / യഥാർത്ഥ മനഃസ്താപവും / ഞങ്ങൾക്ക് തരണമേ. / ഞങ്ങളുടെ ജീവിതവിശുദ്ധിയാലും / വിശ്വാസസാക്ഷ്യത്താലും / അങ്ങേ തിരുമുഖത്തെ / ഞങ്ങൾ ആശ്വസിപ്പിക്കട്ടെ. / നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ / എന്നേക്കും, ആമ്മേൻ.

കാർമ്മി.: തിരുരക്തത്താൽ ആവൃതമായ ഈശോയുടെ തിരുമുഖമേ

സമൂ : നിന്റെ വിലയേറിയ തിരുരക്തത്തിൽ ഞങ്ങളെ കഴുകണമെ.

## സമാപന പ്രാർത്ഥന

കാർമ്മി : നമ്മോടുള്ള അനന്തമായ സ്നേഹത്താൽ കണ്ണീരൊഴുക്കിയ ഈശോയുടെ തിരുമുഖം അദ്ധ്വാനവും പ്രാർത്ഥനയും വഴി ജീവിതകർത്തവ്യങ്ങളെല്ലാം കൃത്യമായി നിർവഹിക്കുവാൻ നിങ്ങളെ അനുഗ്രഹിക്കട്ടെ. സഹനങ്ങളുടെ നടുവിലും മരണനേരത്തും ഈശോയുടെ തിരുമുഖം നിങ്ങൾക്ക് ആശ്വാസവും ധൈര്യവും പ്രതീക്ഷയും നൽകട്ടെ. ഈ പ്രാർത്ഥനയിൽ പങ്കുകൊണ്ട നിങ്ങളും നിങ്ങളുടെ പ്രിയപ്പെട്ടവരും ഈ ദേശവും കർത്താവിന്റെ പീഡാസഹനങ്ങളുടെ യോഗ്യതയാൽ സംരക്ഷിക്കപ്പെടട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും, പിതാവായ ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടു കൂടിയുണ്ടാകട്ടെ. ഇപ്പോഴും + എപ്പോഴും + എന്നേക്കും +

സമൂ. : ആമ്മേൻ

# സമാപനഗാനം

തിരുമുഖഛായയിൽ മറഞ്ഞിരിക്കാനൊരു
മണൽതരിയായ് ഞാൻ മാറിയെങ്കിൽ
കാറ്റിലും മഴയിലും പറന്നലിയാതെ നിൻ
ഉള്ളം കയ്യിൽ ഞാനിരുന്നെങ്കിൽ

ആരും കാണാതെ നിൻ പാദങ്ങൾക്കടിയിൽ
സ്പർശനമേറ്റ് ഞാൻ കിടന്നെങ്കിൽ
ആത്മരക്ഷക്കായ് നിൻ ത്യാഗത്തിൻ വഴിയിൽ
പ്രേഷിതനായി ഞാൻ തീർന്നെങ്കിൽ

(തിരുമുഖഛായയിൽ)